(ബി) ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്ന സ്ഥാപനം ഈ കുട്ടികളെ ദത്തെടുത്തിട്ടുണ്ട്. കൊല്ലം ഡി. എം. ഒ.-യുടെ നേതൃത്വത്തിൽ കുട്ടികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നു. കൈതക്കുഴി മാർത്തോമാ ചർച്ചിൽ നിന്നും ഭക്ഷണവും വാഹന സൗകര്യവും ലഭിക്കുന്നു. കൂടാതെ ലയൺസ് ക്ലബ്, സാമൂഹ്യ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽനിന്നും സഹായം ലഭിക്കുന്നുമുണ്ട്.

ശ്രീമതി അംബികാദേവിക്ക് ലീവ് വിത്ത്ഔട്ട് അലവൻസ് ലഭിക്കുന്നതിനുള്ള നടപടി

35 [332] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലപ്പുഴ ജില്ലയിൽ കായംകുളം പുതിയവിള യു. പി. സ്കൂളിലെ അദ്ധ്യാപിക ശ്രീമതി ജെ. അംബികാ ദേവിക്ക് ലീവ് വിത്ത്ഔട്ട് അലവൻസ് അനുവദിക്കാനുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്തരവിൽ പറയുന്നതായ കാരണങ്ങൾ വാസ്തവ വിരുദ്ധമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ വസ്തുതകൾ മറച്ചുവച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) ഭർത്താവിന്റെ കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്യപ്പെട്ട് ജീവൻരക്ഷാ ഔഷധങ്ങൾകൊണ്ട് ജീവൻ നിലനിർത്തുന്ന സ്ഥിതിക്ക് അവരുടെ സാന്നിദ്ധ്യം ആവശ്യമാണെന്നിരിക്കെ അവർ ശൂന്യവേതന അവധിയിൽ പ്രവേശിക്കുന്നതിന് അനുവാദം ചോദിച്ച് അപേക്ഷ നൽകി വർഷങ്ങളായിട്ടും അവർക്ക് അവധി അനുവദിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ജി) അകാരണമായി മാനസിക പീഡനങ്ങൾക്ക് വിധേയമാക്കുന്നത് തടയുവാൻ ഇവർക്ക് ശൂന്യവേതന അവധി അടിയന്തിരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഇവർക്ക് എന്നത്തേക്ക് ശൂന്യവേതന അവധി അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീമതി ജെ. അംബികാദേവിക്ക് ലീവ് വിത്ഔട്ട് അലവൻസ് അനുവദിക്കുന്നതിനായുള്ള അപേക്ഷ മതിയായ രേഖകൾ സഹിതം ഉചിതമാർഗ്ഗേണ സർക്കാരിൽ ലഭ്യമായിട്ടില്ല. ശ്രീമതി അംബികാദേവി. ടി. ആവശ്യത്തിനായി സ്കൂളിൽ സമർപ്പിച്ച അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ സർക്കാരിൽ ലഭ്യമാക്കുകയും തുടർന്നു നടത്തിയ അന്വേഷണത്തിൽ നിന്നും സ്കൂൾ ഹെഡ്മാസ്റ്റർക്കു ലഭിച്ച അവധി അപേക്ഷ ചില ന്യൂനതകൾ പരിഹരിക്കുന്നതിനായി രജിസ്ട്രേഡ് തപാലിൽ തിരിച്ചയച്ചു. ആയത് 'addressee left India' എന്ന കുറിപ്പോടെ തിരിച്ചുവന്നുവെന്നും അതേ തുടർന്ന് അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ടീച്ചർക്കെതിരെ നിയമനാധികാരിയായ മാനേജർ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും 1-4-2004 മുതൽ ടീച്ചറെ സർവ്വീസിൽനിന്നും നീക്കം ചെയ്തതായും അറിഞ്ഞു. സർവ്വീസിൽനിന്നും നീക്കം ചെയ്ത ടീച്ചർക്ക് അവധി അനുവദിക്കേണ്ടതില്ലാത്തതിനാൽ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവായി.

(ബി) സ. ഉ. (ആർ. റ്റി.) 4921/05/ജി. ഇ. തീയതി 19-10-2005 ഉത്തരവിന്റെ പകർപ്പ് അനുബന്ധമായിവച്ചിട്ടുണ്ട്.†

(സി) ശ്രീമതി ജെ. അംബികാദേവി അവധിക്കപേക്ഷിച്ചത് കെ. എസ്. ആർ. പാർട്ട് 1 അപ്പൻഡിക്സ് XII C പ്രകാരം വിദേശത്ത് ഭർത്താവിനോടൊപ്പം താമസിക്കുന്നതിനാണ്. അപ്പൻഡിക്സ് XII C-യിലെ നിബന്ധന 10 പ്രകാരം അവധി അനുവദിച്ചുത്തരവാകുന്നതിനു മുൻപ് അനധികൃത അവധിയിൽ പ്രവേശിച്ചാൽ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ കണ്ട്രോൾ & അപ്പീൽ) റൂൾസ് 1960-ലെ വ്യവസ്ഥകൾക്കു വിധേയമായി സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

31-3-2004 വരെ സർവ്വീസിൽ തുടർന്ന ടീച്ചർ അവധി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കാതെ തന്നെ അവധിയിൽ പ്രവേശിക്കുകയും സർക്കാർ അനുമതിയില്ലാതെ ഇന്ത്യ വിടുകയും ചെയ്തു. ഇത് അപ്പൻഡിക്സ് XII C നിബന്ധനകളുടെ നഗ്നലംഘനമാണ്. കെ. എസ്. ആർ. പാർട്ട് 1 റൂൾ 65 പ്രകാരം അവധി ഒരു അവകാശമല്ല. ദീർഘകാല അവധിക്ക് അപേക്ഷിച്ചു എന്നത് അവധി അനുവദിക്കുന്നതിനുള്ള മതിയായ മാനദണ്ഡവുമല്ല.

ശ്രീമതി ജെ. അംബികാദേവിയുടെ ലീവ് അപേക്ഷയുടെ മഹാറ്റോ കോപ്പിയും അവരുടെ ചേച്ചി ശ്രീമതി എൽ. ലീലാ കുമാരി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി മുഖാന്തിരം സമർപ്പിച്ച ഹർജിയും വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവധി അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവായി.

(ബി) ഇല്ല

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ശ്രീമതി അംബികാദേവിയുടെ ഭർത്താവ് 10-9-1995-ൽ ചെന്നൈയിൽ വച്ച് കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ ശേഷം ടീച്ചർ അവധിയിൽ പ്രവേശിക്കുന്നതിന് വളരെ മുൻപു തന്നെ ജീവൻ രക്ഷാ ഔഷധങ്ങൾ കൊണ്ട് ജീവൻ നിലനിർത്തി സൗദിയിൽ ജോലി ചെയ്യുകയാണ്. 1-4-2004 മുതൽ അനധികൃതമായി അവധിയിൽ പ്രവേശിച്ച ടീച്ചർക്ക് കെ. എസ്. ആറിലെ റൂളുകൾക്ക് വിധേയമായി അവധിയിൽ പ്രവേശിക്കുന്നതിന് മതിയായ സമയം ലഭിച്ചിരുന്നു.

(ജി) & (എച്ച്) അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനെ തുടർന്ന് സർവ്വീസിൽ നിന്നും നീക്കം ചെയ്ത ടീച്ചർക്ക് അവധി അനുവദിക്കേണ്ടതില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ നടപടി

36 [333] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക്ക് സെന്ററിൽ ഉള്ള ജീവനക്കാർക്ക് ശമ്പളം നൽകുവാനുണ്ടോ;

(ബി) ഏത് മാസം മുതലാണ് ശമ്പളം മുടങ്ങിയിട്ടുള്ളത്;

(സി) ഉടനെ ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഏതെങ്കിലും യൂണിറ്റ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എറണാകുളത്ത് നടന്ന സംസ്ഥാന സ്കൂൾ കലോൽസവുമായി ബന്ധപ്പെട്ട പ്രിന്റിംഗ് ജോലികൾ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ആണോ നിർവ്വഹിച്ചത്;

(എഫ്) അല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) . ഉണ്ട്. ഹെഡ്ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള 17 സെന്ററുകളിൽ വ്യത്യസ്തമായ മാസങ്ങളിൽ ശമ്പളം മുടങ്ങിയിട്ടുണ്ട്. ശമ്പളം മുടങ്ങിയ മാസങ്ങളുടെ വിവരം അനുബന്ധമായി നൽകിയിരിക്കുന്നു.†

(സി) സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ജനറേറ്റഡ് ഫണ്ടിൽ നിന്നാണ്. നിലവിലുള്ള സംവിധാനത്തിൽ എല്ലാ ജീവനക്കാർക്കും പൂർണ്ണമായി ശമ്പളം നൽകുവാനുള്ള തുക ജനറേറ്റഡ് ഫണ്ടിൽ ലഭ്യമല്ല. സർക്കാർ മേഖലയിലെ വിവിധ വകുപ്പിലെ അച്ചടി ജോലികൾ ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാർക്ക് ശമ്പളം കൃത്യ സമയത്ത് നൽകുവാൻ സാധിക്കുന്നതാണ്. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തെക്കുറിച്ച് ചില ശുപാർശകൾ പരിഗണനയിലുണ്ടെങ്കിലും ജീവനക്കാരുടെ അഭിപ്രായ സമന്വയത്തിലൂടെ ഇതിൻമേൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly